# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 311 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **ഹൈടെക് അംഗൻവാടി** | |
| ചോദ്യം | മറുപടി |
| **ശ്രീ.റോഷി അഗസ്റ്റിൻ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഹൈടെക് അംഗൻവാടി നടപ്പിലാക്കുന്നതിന് സ്വന്തമായി എത്ര സെൻറ് സ്ഥലമാണ് അംഗൻവാടിക്കായി ഉണ്ടായിരിക്കേണ്ടത്; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് അങ്കണവാടികൾ ഹൈടെക് ആക്കി മാറ്റുന്നതിന്റെ ഭാഗമായുള്ള സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കാൻ മിനിമം 10 സെന്റ് സ്ഥലമെങ്കിലും ആവശ്യമുണ്ട്. എങ്കിലും സ്ഥല ലഭ്യതയില്ലാത്തതിനാൽ, സ്മാർട്ട് അങ്കണവാടി നടപ്പിലാക്കുന്നതിനായി അർബൻ ഏരിയായിൽ മിനിമം 1.25 സെന്റും റൂറൽ ഏരിയായിൽ മിനിമം 3 സെന്റ് സ്ഥലവും ഉണ്ടായിരിക്കണം. 1.25, 3, 5, 7.5, 10 സെന്റ് എന്നിങ്ങനെ സ്ഥലത്തിന്റെ വിസ്തൃതിയനുസരിച്ച് സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) ഹൈടെക് അംഗൻവാടികൾക്കുവേണ്ടി എത്ര രൂപ വീതമാണ് സർക്കാരും ജനപ്രതിനിധികളും വിഹിതമായി കണ്ടെത്തേണ്ടത്;വിശദമാക്കാമോ ? | ബി) സ്മാർട്ട് അങ്കണവാടികൾക്ക് വേണ്ടി സർക്കാർ വിഹിതത്തിനു പുറമേയുള്ള തുക അതാത് പഞ്ചായത്ത് വിഹിതമായോ, MLA വിഹിതമായോ കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി വകുപ്പ് വിഹിതവും MLA/ പഞ്ചായത്ത് വിഹിതവും നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No | Area in Cents | Plinth Area of the Propose Building | Unit Cost of Smart Anganwadi Scheme (in Lakhs) | Department Contribution (in Lakhs) | LSGD/MLA Contribution |
|---|---|---|---|---|---|
| 1 | 10 | 1655.23 | 44,94,518 | 25,00,000 | 19,94,518 |
| 2 | 7.5 | 1352.52 | 44,32,115 | 25,00,000 | 19,32,115 |
| 3 | 5 | 968.90 | 34,25,758 | 20,00,000 | 14,25,758 |
| 4 | 3 | 789.75 | 27,64,952 | 17,00,000 | 10,64,952 |
| 5 | 3 (Slopping Terain) | 918.97 | 28,70,133 | 15,00,000 | 13,70,133 |
| 6 | 1.25 | 581.00 | 21,37,256 | 15,00,000 | 6,37,256 |

സെക്ഷൻ ഓഫീസർ